

1

# ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന ചില വിപ്ലവങ്ങളെക്കുറിച്ചാണ് ഈ പാഠഭാഗത്ത് ചർച്ച ചെയ്യുന്നത്. അവിടങ്ങളിൽ നിലവിലിരുന്ന ഭരണ വ്യവസ്ഥകളെ മാറ്റി പുതിയ ഒന്നിനെ സ്ഥാപിക്കുക എന്നതായിരുന്നു അവയോരോന്നും ലക്ഷ്യമിട്ടത്. ആധുനിക ലോകത്തിലെ മനുഷ്യജീവിതത്തെയും മനുഷ്യന്റെ കാഴ്ചപ്പാടുകളെയും രൂപപ്പെടുത്തുന്നതിൽ അവ നിർണ്ണായക പങ്ക് വഹിച്ചു. ചൂഷണമുക്തമായ ഒരു ലോകത്തെ സൃഷ്ടിക്കാനായി നമ്മുടെ പൂർവ്വികർ നടത്തിയ പോരാട്ടങ്ങളെയും അവർ അനുഭവിച്ച ത്യാഗത്തെയും വിലമതിക്കാനും അംഗീകരിക്കാനും പഠിതാക്കളെ പ്രേരിപ്പിക്കുന്ന തരത്തിലാകണം പാഠഭാഗം വിനിമയം ചെയ്യേണ്ടത്. പാഠഭാഗത്ത് പരാമർശിച്ചിട്ടുള്ള ചിന്തകരുടെ ആശയങ്ങളേയും അവയുടെ സ്വാധീനത്തെയും കുറിച്ച് കൂടുതൽ അന്വേഷണങ്ങൾ നടത്താൻ പാഠഭാഗത്തിന്റെ വിനിമയം പഠിതാവിനെ സഹായിക്കണം.

## യൂണിറ്റ് ഫ്രെയിം

# 1. ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

| ആശയങ്ങൾ/ധാരണകൾ | പഠനപ്രവർത്തനങ്ങൾ/പഠനതന്ത്രങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|---|
| • വിപ്ലവം - അമേരിക്കൻ സ്വാതന്ത്ര്യസമരം-പശ്ചാത്തലം-അമേരിക്കയിലെ 13 ബ്രിട്ടീഷ് കോളനികൾ - മെർക്കന്റലിസം- കോണ്ടിനെന്റൽ കോൺഗ്രസ്സ് - സ്വാതന്ത്ര്യപ്രഖ്യാപനം - ജോർജ്ജ് വാഷിംഗടൺ.<br>• ഫ്രഞ്ച് വിപ്ലവം - മധ്യവർഗത്തിന്റെ ഉയർച്ച.<br>വോൾട്ടെയർ, റൂസ്സോ, മൊണ്ടസ്ക്യൂ - ഫിസിയോക്രാറ്റുകൾ<br>ദേശീയ അസംബ്ലി - ബാസ്റ്റിൽകോട്ടയുടെ പതനം - മനുഷ്യാവകാശം പ്രഖ്യാപനം - ഭരണഘടന - ദേശീയ കൺവെൻഷൻ - നെപ്പോളിയൻ - ഭരണപരിഷ്കാരങ്ങൾ.<br>• ലാറ്റിനമേരിക്കൻ വിമോചനം-പശ്ചാത്തലം-മിറാൻഡ-സൈമൺബോളിവർ-സാൻമാർട്ടിൻ.<br>• റഷ്യൻ വിപ്ലവം - കാരണമായ ഘടകങ്ങൾ-ഫെബ്രുവരി വിപ്ലവം -ഒക്ടോബർ വിപ്ലവം - സ്വാധീനവും പ്രാധാന്യവും.<br>• ചൈനയുടെ വിമോചനം-ചൈനയിലെ വിദേശാധിപത്യം-മഞ്ചുഭരണം-സൺയാത്സെൻ-1911ലെ വിപ്ലവം-കുമിന്താങ് ഭരണം-മാവോസെതുങ്-ലോംഗ്മാർച്ച്-ജനകീയചൈനാ റിപ്പബ്ലിക്. | • അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റെ പശ്ചാത്തലം ചർച്ച ചെയ്യുന്നു.<br>• അമേരിക്കയുടെ ഭൂപടം പരിശോധിച്ച് 13 കോളനികൾ പട്ടികപ്പെടുത്തുന്നു.<br>• 1776 ലെ സ്വാതന്ത്ര്യ പ്രഖ്യാപനത്തെ വിശകലനം ചെയ്തുകൊണ്ട് അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റെ പ്രധാന്യത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുന്നു.<br>• വോൾട്ടെയർ, റൂസ്സോ, മൊണ്ടസ്ക്യൂ തുടങ്ങിയവരുടെ ആശയങ്ങൾ ചർച്ച ചെയ്ത്കൊണ്ട് ഫ്രഞ്ച് വിപ്ലവത്തിന് പശ്ചാത്തലമൊരുക്കിയ ഘടകങ്ങളെക്കുറിച്ച് കുറിപ്പ് തയാറാക്കുന്നു.<br>• ഫ്രാൻസിലെ സാമൂഹിക ജീവിതത്തെക്കുറിച്ചുള്ള ചർച്ച<br>• ഫ്രഞ്ച് വിപ്ലവത്തിന്റെ വിവിധ ഘട്ടങ്ങളെ ഫ്ളോചാർട്ടായി രേഖപ്പെടുത്തുന്നു.<br>• നെപ്പോളിയന്റെ പരിഷ്കാരങ്ങളെ പട്ടികപ്പെടുത്തുന്നു.<br>• ലാറ്റിനമേരിക്കയിലെ യൂറോപ്യൻ ആധിപത്യം ചർച്ച ചെയ്ത് കുറിപ്പാക്കുന്നു.<br>• ലാറ്റിനമേരിക്കയുടെ മോചനത്തിന് വിവിധ നേതാക്കൾ വഹിച്ച പങ്ക് ചർച്ച ചെയ്യുന്നു.<br>• മാക്സിംഗോർക്കിയുടെ അമ്മ, ടോൾസ്റ്റോയിയുടെ യുദ്ധവും സമാധാനവും എന്നീ കൃതികളിലെ ചില ഭാഗങ്ങൾ വായിച്ച് റഷ്യൻ വിപ്ലവത്തിന് വഴിതെളിച്ച ഘടകങ്ങൾ ചർച്ച ചെയ്യുന്നു.<br>• ഫെബ്രുവരി വിപ്ലവും ഒക്ടോബർ വിപ്ലവവും താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുന്നു.<br>• റഷ്യൻ വിപ്ലവത്തിന്റെ സ്വാധീനം ചർച്ച ചെയ്യുന്നു.<br>• ചൈനയുടെ മോചനത്തിന് വഴിതെളിച്ച വിപ്ലവങ്ങളെക്കുറിച്ച് സെമിനാർ നടത്തുന്നു.<br>• ലോകത്തിലെ വിവിധ വിപ്ലവങ്ങളെ താരതമ്യം ചെയ്ത് പട്ടിക തയാറാക്കുന്നു. | • അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റെ പശ്ചാത്തലം വിശകലനം ചെയ്യുന്നു.<br>• അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന് ലോകചരിത്രത്തിലുള്ള പ്രാധാന്യം വിലയിരുത്തുന്നു.<br>• ഫ്രഞ്ച്വിപ്ലവത്തിന്റെ പശ്ചാത്തലം വിശകലനം ചെയ്യുന്നു.<br>• ഫ്രഞ്ച്വിപ്ലവത്തിന്റെ വിവിധ ഘട്ടങ്ങൾ പട്ടികപ്പെടുത്തുന്നു.<br>• ഫ്രഞ്ച്വിപ്ലവത്തിന്റെ സ്വാധീനം വിലയിരുത്തുന്നു.<br>• നെപ്പോളിയന്റെ പരിഷ്കാരങ്ങൾ വിശദീകരിക്കുന്നു.<br>• ലാറ്റിനമേരിക്കൻ ദേശീയസമരത്തിന്റെ പശ്ചാത്തലവും പ്രാധാന്യവും വിശകലനം ചെയ്യുന്നു.<br>• റഷ്യൻവിപ്ലവത്തിന് കാരണമായ ഘടകങ്ങൾ വിശകലനം ചെയ്യുന്നു.<br>• പിൽക്കാല ലോകചരിത്രത്തിൽ റഷ്യൻവിപ്ലവം ചെലുത്തിയ സ്വാധീനം തിരിച്ചറിയുന്നു.<br>• ചൈനീസ് വിപ്ലവത്തിന്റെ വിവിധ ഘട്ടങ്ങൾ വിശദമാക്കുന്നു.<br>• ലോകത്തിലെ വിവിധ വിപ്ലവങ്ങൾ താരതമ്യം ചെയ്യുന്നു. |

## അധ്യയനത്തിലേക്ക്...

സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധ്യപ്പെടുത്തുന്ന കുമാനാശാന്റെ കവിതയിലെ വരികൾ പാഠത്തിന്റെ തുടക്കത്തിൽ തന്നിട്ടുണ്ട്. അതിനെക്കുറിച്ചുള്ള ചർച്ചയിലൂടെ പാഠം ആരംഭിക്കാവുന്നതാണ്. സ്വാതന്ത്ര്യത്തിന് മനുഷ്യജീവിതത്തിലുള്ള പ്രാധാന്യത്തെക്കുറിച്ച് ഇതിലൂടെ പഠിതാവിന് ബോധ്യപ്പെടണം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട ജനത നടത്തിയ വിപ്ലവങ്ങളെക്കുറിച്ച് ചർച്ച ചെയ്യാം എന്ന മുഖവുരയോടെ വിപ്ലവങ്ങൾക്ക് പൊതുവിൽ പ്രേരകമായ ചില ഘടകങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നു. ഏഴാം ക്ലാസിൽ ചർച്ച ചെയ്ത നവോത്ഥാനത്തിന്റെ സവിശേഷതകളെയും സ്വാധീനത്തെയും കണ്ടെത്തുന്നു.

- മാനവികത
- ശാസ്ത്രബോധം
- യുക്തിചിന്ത
- വിമർശനബുദ്ധി
- അന്വേഷണതൃഷ്ണ
- പ്രാദേശിക ഭാഷകളുടെ വളർച്ച
- ജ്ഞാനോദയം

തുടർന്ന് അമേരിക്കൻ സ്വാതന്ത്ര്യസമരത്തെ വിശകലനം ചെയ്യാവുന്നതാണ്.

### അമേരിക്കൻ സ്വാതന്ത്ര്യസമരം

അമേരിക്കൻ സ്വാതന്ത്ര്യസമരകാലത്ത് അമേരിക്കൻ ജനത മുഴക്കിയ 'പ്രാതിനിധ്യമില്ലാതെ നികുതിയില്ല' എന്ന മുദ്രാവാക്യത്തെക്കുറിച്ചുള്ള ചർച്ചയിലൂടെ പാഠഭാഗം ആരംഭിക്കുന്നു. അതിലൂടെ ജനങ്ങൾ ആവശ്യപ്പെട്ട കാര്യങ്ങൾ കണ്ടെത്തുന്നു.

- ഭരണത്തിൽ ജനങ്ങൾക്ക് പങ്കാളിത്തം വേണം.
- ജനങ്ങൾക്ക് പ്രാതിനിധ്യമില്ലാത്ത ഭരണം ജനവിരുദ്ധമാണ്.
- ഭരണത്തിൽ പങ്കാളിത്തം നൽകാതെ ജനങ്ങളിൽ നിന്ന് നികുതി പിരിക്കാൻ പാടില്ല.

ഭൂപടം പരിശോധിച്ച് അമേരിക്കൻ സ്വാതന്ത്ര്യസമരത്തിൽ പങ്കാളികളായ 13 കോളനികളെ പട്ടികപ്പെടുത്തുന്നു.

- ന്യൂഹാംപ്ഷെയർ
- ന്യൂയോർക്ക്
- മസാച്ചുസെറ്റ്സ്
- റോഡ് ഐലന്റ്
- കണക്ടികട്ട്
- പെൻസിൽവാനിയ
- ന്യൂജെയ്സി
- ദലാവയർ
- വെർജീനിയ
- മേരിലാന്റ്
- നോർത്ത്കരോലിന
- സൗത്ത്കരോലിന
- ജോർജിയ

തുടർന്ന് അമേരിക്കൻ ജനതയെ സമരത്തിലേക്ക് നയിച്ച കാരണങ്ങളെ വിശകലനം ചെയ്യുന്നു. മെർക്കന്റലിസ്റ്റ് നയത്തിന്റെ ഭാഗമായി ബ്രിട്ടൻ കോളനികളിൽ നടപ്പാക്കിയ വിവിധ നിയമങ്ങളെക്കുറിച്ച് ചില സൂചനകളുടെ അടിസ്ഥാനത്തിൽ ചർച്ച ചെയ്ത് ചുവടെ തന്നിട്ടുള്ളവ കണ്ടെത്തുന്നു.

| ... | .... |
|---|---|
| • കോളനികളിലെ തദ്ദേശവാണിജ്യം | • വാണിജ്യരംഗത്ത് കൊണ്ടു വന്ന നിയന്ത്രണങ്ങളും നികുതികളും തദ്ദേശവാണിജ്യത്തിന് പ്രതികൂലമായി. |
| • അവകാശ നിഷേധം | • കയറ്റുമതിക്ക് നിയന്ത്രണം കൊണ്ടു വന്നു.<br>• ഇംഗ്ലീഷ് സൈന്യത്തെ കോളനികളിൽ നിലനിർത്തണം<br>• എല്ലാ രേഖകളിലും ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിക്കണം. |
| • വിലക്കയറ്റം | • ഉയർന്ന നികുതിയും സ്റ്റാമ്പ് നിയമവും വിലക്കയറ്റത്തിന് കാരണമായി |
| • ചൂഷണം | • കയറ്റുമതി നിയന്ത്രണം, നികുതി വർദ്ധനവ്, സ്റ്റാമ്പ് നിയമം, ഇംഗ്ലീഷ് സൈന്യത്തെ നിലനിർത്താനുള്ള നിർദ്ദേശം എന്നിവ ചൂഷണത്തിന് വഴിതെളിച്ചു. |
| • സ്വേച്ഛാധിപത്യം | • കോളനി ജനതയുടെ അവകാശങ്ങളെയും സ്വാതന്ത്ര്യത്തെയും നിഷേധിക്കുന്നതായിരുന്നു മെർക്കന്റലിസ്റ്റ് നിയമങ്ങൾ |

ഇത്തരം ഒരു സാഹചര്യം നിലവിലുള്ള വ്യവസ്ഥയെ മാറ്റി മറിക്കാൻ അമേരിക്കൻ ജനതയെ നിർബന്ധിതമാക്കി എന്നതാണ് ജോൺ ആഡംസിന്റെ പ്രസ്താവന വെളിവാക്കുന്നത്. ബ്രിട്ടീഷുകാരുടെ ചൂഷണ വ്യവസ്ഥക്കെതിരായി പോരാടാൻ തയാറായ അമേരിക്കൻ ജനതയ്ക്ക് വഴികാട്ടിയും പ്രചോദനവുമായ ചില ചിന്തകരുടെ ആശയങ്ങൾ പാഠഭാഗത്ത് നൽകിയിട്ടുണ്ട്. അവ എങ്ങനെയെല്ലാം പ്രചോദനമേകി എന്ന് ചർച്ച ചെയ്ത് കുറിപ്പ് തയാറാക്കാവുന്നതാണ്.

- അമേരിക്കൻ ജനതയുടെ മൗലിവകാശങ്ങളെ ബ്രിട്ടൻ നിഷേധിക്കുകയാണ്.
- വടക്കെ അമേരിക്ക എന്ന വൻകരയെ വിദേശശക്തിയും ഒരു ദ്വീപും മാത്രമായ ബ്രിട്ടൻ ദീർഘകാലം കീഴടക്കി ഭരിക്കുന്നത് യുക്തിസഹമായ കാര്യമല്ല.
- അതിനാൽ ബ്രിട്ടനിൽ നിന്നും മോചനം നേടാനുള്ള പ്രവർത്തനങ്ങളിൽ അമേരിക്കൻ ജനത പങ്കാളികളാകണം.

അമേരിക്കയിലെ 13 കോളനികൾ ബ്രിട്ടനെതിരായി സമരം നടത്തി സ്വാതന്ത്ര്യം നേടുകയും അവ കൂടിച്ചേർന്ന് അമേരിക്കൻ ഐക്യനാടുകൾ രൂപീകരിക്കപ്പെടുകയും ചെയ്തു. അതിലേക്ക് നയിച്ച സംഭവങ്ങൾ പാഠപുസ്തകത്തിന്റെ സഹായത്താൽ ഗ്രൂപ്പിൽ ചർച്ച ചെയ്ത് ഒരു ഫ്ളോചാർട്ടായി അവതരിപ്പിക്കാവുന്നതാണ്.

### അമേരിക്കൻ ഐക്യനാടുകളുടെ രൂപീകരണം

**1774**

- ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ്സ്

↓

- ഇംഗ്ലണ്ടിലെ രാജാവിന് പരാതി നൽകി

↓

- ഇംഗ്ലണ്ടും കോളനികളും തമ്മിൽ യുദ്ധം ആരംഭിച്ചു.

**1775**

- രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ്സ്

↓

- ജോർജ്ജ് വാഷിംഗ്ടൺ കോണ്ടിനെന്റൽ സൈന്യത്തിന്റെ തലവനായി

↓

- തോമസ് പെയിൻ ഇംഗ്ലണ്ടിൽ നിന്ന് വേർപിരിയാൻ കോളനി ജനതയോട് ആവശ്യപ്പെട്ടു.

↓

**1776**

- കോണ്ടിനെന്റൽ കോൺഗ്രസ്സ് സ്വാതന്ത്ര്യപ്രഖ്യാപനം നടത്തി.

↓

**1781**

- ഇംഗ്ലണ്ടും കോളനികളും തമ്മിലുള്ള യുദ്ധം അവസാനിച്ചു.

↓

**1783**

- പാരീസ് ഉടമ്പടി പ്രകാരം ഇംഗ്ലണ്ട് 13 കോളനികളുടെ സ്വാതന്ത്ര്യം അംഗീകരിച്ചു.
- അമേരിക്കയ്ക്ക് ഒരു ഭരണഘടന തയാറാക്കി.
- അമേരിക്കൻ ഐക്യനാടുകൾ (യു.എസ്.എ) രൂപീകൃതമായി.
- ജോർജ് വാഷിംഗ്ടൺ അമേരിക്കൻ ഐക്യനാടുകളുടെ ആദ്യ പ്രസിഡന്റായി.

തുടർന്ന് അമേരിക്കൻ സ്വാതന്ത്ര്യസമരം പിൽക്കാല ലോകചരിത്രത്തിൽ ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് പാഠപുസ്തകത്തിന്റെ സഹായത്താൽ ചർച്ച ചെയ്ത് കുറിപ്പാക്കുന്നു. ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് മുൻക്ലാസ്സുകളിൽ നിന്നും നേടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയുടെ ഭരണഘടനയിൽ അമേരിക്കൻ സ്വാതന്ത്ര്യസമരം മുന്നോട്ടുവച്ച ഏതെല്ലാം ആശയങ്ങൾ ഉൾക്കൊണ്ടിട്ടുണ്ടെന്ന് കണ്ടെത്തുന്നു.

- റിപ്പബ്ലിക്കൻ ഭരണരീതി
- എഴുതപ്പെട്ട ഭരണഘടന
- ഫെഡറൽ രാഷ്ട്രം

### ജോൺലോക്ക്



ഇംഗ്ലണ്ടുകാരനായ ശ്രദ്ധേയനായ തത്വചിന്തകനായിരുന്നു ജോൺ ലോക്ക്. ഏകാധിപത്യത്തെയും രാജവാഴ്ചയെയും അദ്ദേഹം നിശിതമായി വിമർശിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പ്രകൃതി നിയമം കാര്യക്ഷമമായി നടപ്പിലാക്കാനുള്ള മാർഗത്തിന്റെ ആവശ്യകതയിൽ നിന്നാണ് ഭരണകൂടം രൂപംകൊണ്ടത്. ജനങ്ങൾ തമ്മിലുള്ള ഒരു കരാറിന്റെ അടിസ്ഥാനത്തിലാണ് ഭരണാധികാരി ഭരണം നടത്തുന്നത്.

### തോമസ് ജെഫേഴ്സൺ



ചരിത്രകാരനും തത്വചിന്തകനുമായിരുന്ന തോമസ് ജെഫേഴ്സൺ അമേരിക്കയുടെ സ്വാതന്ത്ര്യ പ്രഖ്യാപനം തയാറാക്കുന്നതിൽ സുപ്രധാന പങ്ക് വഹിച്ചു. രണ്ടു തവണ അമേരിക്കൻ പ്രസിഡന്റായിരുന്ന അദ്ദേഹം വെർജീനിയ സർവകലാശാല സ്ഥാപിക്കുന്നതിൽ പങ്കാളിയായി. അമേരിക്കയിലെ 13 കോളനികൾ എന്തുകൊണ്ട് ബ്രിട്ടനിൽ നിന്നും സ്വാതന്ത്ര്യം നേടണമെന്നും പൗരവാകാശത്തിന്റെ പ്രാധാന്യവും അദ്ദേഹം സ്വാതന്ത്ര്യ പ്രഖ്യാപനത്തിൽ വ്യക്തമാക്കി.

### തോമസ് പെയിൻ



ഇംഗ്ലണ്ടിൽ ജനിക്കുകയും അമേരിക്കയിൽ വെച്ച് മരിക്കുകയും ചെയ്ത ചിന്തകനും വിപ്ലവകാരിയുമായിരുന്നു തോമസ് പെയിൻ. അമേരിക്കൻ ഐക്യനാടുകളുടെ സ്ഥാപകരിലൊരാളായ അദ്ദേഹത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജോൺ ആഡംസ് ഇപ്രകാരമാണ് പറഞ്ഞത്. "കോമൺസെൻസിന്റെ രചയിതാവിന്റെ പേനയില്ലായിരുന്നുവെങ്കിൽ വാഷിംഗ്ടൺ വാളുയർത്തിയത് വിഫലമായേനേ". റിപ്പബ്ലിക്കൻ ആശയവും അമേരിക്ക ബ്രിട്ടനിൽ നിന്നും വേർപിരിയേണ്ടതിന്റെ ആവശ്യകതയും ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിൽ അദ്ദേഹത്തിന്റെ കോമൺസെൻസ് എന്ന ലഘുലേഖ സുപ്രധാന പങ്ക് വഹിച്ചു. രാജവാഴ്ചയെ ശക്തമായി എതിർത്ത അദ്ദേഹം സമാധാനപരമായ ജനാധിപത്യത്തിനായി നിലകൊണ്ടു.

### ബെഞ്ചമിൻ ഫ്രാങ്ക്ളിൻ



നയതന്ത്രജ്ഞനും എഴുത്തുകാരനും ശാസ്ത്രജ്ഞനുമായ ബെഞ്ചമിൻ ഫ്രാങ്ക്ളിൻ അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനം തയാറാക്കുന്നതിൽ പങ്കാളിയായി. അമേരിക്കയുടെ ആദ്യത്തെ ഭരണഘടനയായ ആർട്ടിക്കിൾസ് ഓഫ് കോൺഫെഡറേഷൻ തയാറാക്കുന്നതിലും അദ്ദേഹം പ്രധാന പങ്ക് വഹിച്ചു.

## ഫ്രഞ്ച് വിപ്ലവം

ഫ്രാൻസ് ഭരിച്ചിരുന്ന ബൂർബൺ രാജാക്കന്മാരുടെ ചില അഭിപ്രായങ്ങളും അവരുടെ ഭരണകേന്ദ്രമായ വേഴ്സായ് കൊട്ടാരത്തിന്റെ ചിത്രവും പാഠഭാഗത്തിന്റെ ആരംഭത്തിൽ നൽകിയിട്ടുണ്ട്. അവ വിശകലനം ചെയ്യുന്നതിലൂടെ ഫ്രാൻസിൽ നിലനിന്ന ഭരണവ്യവസ്ഥയെക്കുറിച്ച് ധാരണ നേടാം. അവ വിശകലനം ചെയ്യുന്നതിലൂടെ ചുവടെ തന്നിട്ടുള്ളവ കണ്ടെത്താവുന്നതാണ്.

- ഏകാധിപത്യഭരണമാണ് ഫ്രാൻസിൽ നിലനിന്നിരുന്നത്.
- ഭരണാധികാരികൾ ധൂർത്തന്മാരായിരുന്നു.
- രാജാധികാരം ദൈവദത്തമാണ് എന്ന തത്വത്തിൽ രാജാക്കന്മാർ വിശ്വസിച്ചു.
- ജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങളെപ്പോലും പരിഹസിച്ചു.
- ജനങ്ങൾ ദുരിതജീവിതമാണ് നയിച്ചത്.

തുടർന്ന് ഫ്രഞ്ച് സമൂഹത്തെക്കുറിച്ചുള്ള ചാർട്ട് വിശകലനം ചെയ്തുകൊണ്ട് അന്നത്തെ സാമൂഹിക സ്ഥിതിയെക്കുറിച്ച് ധാരണ നേടാവുന്നതാണ്.

- ഒന്നും രണ്ടും എസ്റ്റേറ്റുകളായിരുന്നു ഫ്രാൻസിൽ ഉയർന്ന സാമൂഹികപദവിയും അവകാശങ്ങളും ആഡംബര ജീവിതവും നയിച്ചത്.
- മൂന്നാമത്തെ എസ്റ്റേറ്റിലായിരുന്നു ഏറ്റവും കൂടുതൽ ജനവിഭാഗങ്ങൾ ഉണ്ടായിരുന്നത്.
- പുരോഹിതന്മാരും പ്രഭുക്കന്മാരും ജനങ്ങളെ ചൂഷണം ചെയ്ത് സമ്പത്ത് കൈവശപ്പെടുത്തി.
- മൂന്നാമത്തെ എസ്റ്റേറ്റ് ഫ്രാൻസിൽ നിലനിന്ന സാമൂഹിക വ്യവസ്ഥ മാറണമെന്ന് ആഗ്രഹിച്ചു.

### മധ്യവർഗവും മൂന്നാമത്തെ എസ്റ്റേറ്റും

കച്ചവടത്തിലേർപ്പെട്ടിട്ടുള്ള നഗരവാസികളായ ജനങ്ങളായിരുന്നു പൊതുവെ ഫ്രാൻസിലെ മധ്യവർഗം. ഇവർ സമ്പന്നരും അഭ്യസ്ത വിദ്യരുമായിരുന്നു. കർഷകരും കൈത്തൊഴിലുകാരും മൂന്നാമത്തെ എസ്റ്റേറ്റിന്റെ ഭാഗമായിരുന്നെങ്കിലും അവർ മധ്യവർഗത്തിൽ ഉൾപ്പെട്ടിരുന്നില്ല.

ഫ്രാൻസിൽ നിലവിലുണ്ടായിരുന്ന വ്യവസ്ഥിതി മാറണമെന്ന് ആഗ്രഹിച്ച ജനങ്ങൾക്ക് ചില ചിന്തകരുടെ ആശയങ്ങൾ പ്രചോദനമേകി. പാഠഭാഗത്ത് തന്നിട്ടുള്ള ആശയങ്ങളെ അമേരിക്കൻ വിപ്ലവത്തിന് പ്രേരണയേകിയ ആശയങ്ങളുമായി താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കാവുന്നതാണ്. അമേരിക്കയിലെ തത്വചിന്തകർ ജനാധിപത്യം, മനുഷ്യവകാശങ്ങൾ, മെർക്കന്റലിസ്റ്റ് നയങ്ങൾക്കെതിരായ ആശയങ്ങൾ എന്നിവക്കായി നിലകൊണ്ടപ്പോൾ ജനാധിപത്യം, സ്വാതന്ത്ര്യം, യുക്തിചിന്ത, മധ്യവർഗത്തിന്റെ ഉയർച്ച തുടങ്ങിയവക്കാണ് ഫ്രാൻസിലെ ചിന്തകർ ഊന്നൽ നൽകിയത്.

### അമേരിക്കൻ സ്വാതന്ത്ര്യസമരവും ഫ്രാൻസും

അമേരിക്കയിലെ സ്വാതന്ത്ര്യസമരത്തെ ഫ്രാൻസ് സൈന്യവും സമ്പത്തു നൽകി പിന്തുണച്ചു. കാരണം ബ്രിട്ടന്റെ നിയന്ത്രണത്തിലുള്ള അമേരിക്കൻ കോളനികളുടെ വടക്കുഭാഗത്തുള്ള കാനഡ ഫ്രാൻസിന്റെ നിയന്ത്രണത്തിലായിരുന്നു. ഫ്രാൻസും ബ്രിട്ടനും ശത്രുക്കളായിരുന്നു. അതിനാലാണ് ബ്രിട്ടനെതിരായ സ്വാതന്ത്ര്യസമരത്തിന് ഫ്രാൻസ് പിന്തുണ നൽകിയത്.

ഫ്രാൻസിലെ വിപ്ലവത്തിന്റെ ആരംഭത്തേയും അതിനെ തുടർന്നുള്ള സംഭവങ്ങളെയും കുറിച്ച് പാഠഭാഗത്ത് തന്നിട്ടുള്ള ചാർട്ട്, പട്ടിക എന്നിവ വിശകലനം ചെയ്ത് ധാരണ നേടുന്നു.

ഒന്നും രണ്ടും എസ്റ്റേറ്റുകൾ ഒരു എസ്റ്റേറ്റിന് ഒരു വോട്ട് എന്നും മൂന്നാമത്തെ എസ്റ്റേറ്റ് ഓരോ അംഗത്തിനും ഓരോ വോട്ട് എന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനം പട്ടികയിലൂടെ കണ്ടെത്താം.

ഒന്നാമത്തെ എസ്റ്റേറ്റിന്റെ വോട്ട് = 285
രണ്ടാമത്തെ എസ്റ്റേറ്റിന്റെ വോട്ട് = 308
593

മൂന്നാമത്തെ എസ്റ്റേറ്റിന്റെ വോട്ട് = 621

ഓരോ എസ്റ്റേറ്റിലെയും ഓരോ അംഗങ്ങൾക്കും ഓരോ വോട്ട് വീതം നൽകിയാൽ മൂന്നാമത്തെ എസ്റ്റേറ്റിന് ഭൂരിപക്ഷം ലഭിക്കും. മറിച്ച് ഓരോ എസ്റ്റേറ്റിനും ഓരോ വോട്ട് വീതം നൽകിയാൽ ഒന്നും രണ്ടും എസ്റ്റേറ്റുകൾക്ക് ഒന്നിച്ച് നിന്ന് മൂന്നാമത്തെ എസ്റ്റേറ്റിനെ തോൽപിക്കാൻ കഴിയും.

ഫ്രഞ്ച് വിപ്ലവത്തിന്റെ വിവിധ സംഭവങ്ങളെ പാഠപുസ്തകത്തിന്റെ സഹായത്താൽ വിലയിരുത്തി സ്വാതന്ത്ര്യം, സമത്വം സാഹോദര്യം എന്നീ ലക്ഷ്യങ്ങൾ പൂർണമായി നേടാൻ കഴിഞ്ഞില്ല എന്ന് കണ്ടെത്തുന്നു.

തുടർന്ന് ഫ്രഞ്ച് വിപ്ലവത്തിന്റെ സ്വാധീനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്റെ മുന്നോടിയായി പാഠഭാഗത്ത് തന്നിട്ടുള്ള മെറ്റേർണിക്കിന്റെ അഭിപ്രായത്തിന്റെ പ്രാധാന്യം പരിശോധിക്കുന്നു. ഫ്രഞ്ച് വിപ്ലവത്തിന് യൂറോപ്പിനെയാകെ സ്വാധീനിക്കാൻ കഴിഞ്ഞതിന്റെ ഉദാഹരണമാണ് അദ്ദേഹത്തിന്റെ വാക്കുകൾ എന്ന് കണ്ടെത്തുന്നു. തുടർന്ന് ഗ്രൂപ്പുകളായി ഫ്രഞ്ച് വിപ്ലവത്തിന്റെ സ്വാധീനം രേഖപ്പെടുത്തിയിട്ടുള്ള ചാർട്ടും മനുഷ്യാവകാശ പ്രഖ്യാപനവും വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുന്നു. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ലക്ഷ്യങ്ങളുടെ സ്വാധീനം ഇവയിൽ പ്രതിഫലിക്കുന്നു എന്ന ക്രോഡീകരണത്തോടെ ചർച്ച പൂർത്തിയാക്കാവുന്നതാണ്.

### നെപ്പോളിയനും ഫ്രഞ്ച് വിപ്ലവവും

ഫ്രഞ്ച് വിപ്ലവത്തിന് ശേഷം ഫ്രാൻസിൽ അധികാരത്തിൽ വന്ന നെപ്പോളിയനെ ഫ്രഞ്ച് വിപ്ലവം എത്രമാത്രം സ്വാധീനിച്ചു?

എന്ന ചോദ്യത്തോടെ പാഠഭാഗം ആരംഭിക്കുന്നു. തുടർന്ന് ഗ്രൂപ്പുകളായി പാഠപുസ്തകം പരിശോധിച്ച് നെപ്പോളിയന്റെ നയങ്ങളും പരിഷ്കാരങ്ങളും വിശകലനം ചെയ്യുന്നു. അതിന് ശേഷം അവയെ ഫ്രഞ്ച് വിപ്ലവത്തിന്റെ ലക്ഷ്യങ്ങളുമായും ആശയങ്ങളുമായും താരതമ്യം ചെയ്ത് പാഠഭാഗത്ത് തന്നിട്ടുള്ള പട്ടിക പൂർത്തിയാക്കുന്നു.

| ഫ്രഞ്ച് വിപ്ലവം മുന്നോട്ടു വച്ച ആശയങ്ങൾ/ലക്ഷ്യങ്ങൾ | നെപ്പോളിയന്റെ പരിഷ്കാരങ്ങൾ/ നയങ്ങൾ |
|---|---|
| • മധ്യവർഗത്തിന്റെ ഉയർച്ച | • പുരോഹിതന്മാരുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തി.<br>• ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു.<br>• നിയമസംഹിത<br>• റോഡുകൾ നിർമ്മിച്ചു<br>• സിങ്കിങ് ഫണ്ട് |
| • ഫ്യൂഡലിസത്തിന്റെ അന്ത്യം | • കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി.<br>• പുരോഹിതന്മാരുടെ മേൽ നിയന്ത്രണം<br>• നിയമസംഹിത |
| • ദേശീയത | • ഗതാഗത പുരോഗതി<br>• ബാങ്ക് ഓഫ് ഫ്രാൻസ്<br>• നിയമസംഹിത |

## ലാറ്റിനമേരിക്കൻ വിപ്ലവം

തെക്കേ അമേരിക്കയിലെ പ്രാചീന സംസ്കാരകേന്ദ്രമായ മാച്ചുപിക്ച്ചുവിനെക്കുറിച്ചുള്ള കവിത വിശകലനം ചെയ്തുകൊണ്ട് പാഠഭാഗം ആരംഭിക്കാവുന്നതാണ്. കവിതയിൽ നിന്നും ചുവടെ തന്നിട്ടുള്ളവ കണ്ടെത്താം.

- ജനങ്ങളുടെ വിഭവങ്ങൾ കോളനി മേധാവികൾ കൊള്ളയടിച്ചു.
- കോളനികളിലെ ജനങ്ങളെ അടിമകളാക്കി.
- കോളനി മേധാവികളുടെ ജീവിതസുഖങ്ങൾക്കായി അവർ കോളനികളിലെ സമ്പത്തും ജനങ്ങളുടെ ജീവിതവും ഉപയോഗപ്പെടുത്തി.

ഭൂപടത്തിന്റെ സഹായത്താൽ ലാറ്റിനമേരിക്കൻ പ്രദേശങ്ങളും രാജ്യങ്ങളും കണ്ടെത്തുന്നു.

- ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെ ഭാഷ ഏതാണ്?
- ഗബ്രിയേൽ ഗാർസ്യ മാർക്കേസ് എന്ന മെക്സിക്കൻ എഴുത്തുകാരൻ ഏതു ഭാഷയിലാണ് തന്റെ കൃതികൾ രചിച്ചത്?
- ഇന്റർനെറ്റിന്റെയും മറ്റ് പുസ്തകങ്ങളുടെയും സഹായത്തിൽ ഈ ചോദ്യങ്ങളുടെ ഉത്തരങ്ങൾ കണ്ടെത്തുന്നു.
- എന്തുകൊണ്ടായിരിക്കാം യൂറോപ്യൻ ഭാഷകളായ സ്പാനിഷ്, പോർച്ചുഗീസ്

എന്നിവ ലാറ്റിനമേരിക്കൻ രാജ്യങ്ങളുടെ ഔദ്യോഗിക ഭാഷകളായത്?

തുടർന്ന് വിവിധ ഗ്രൂപ്പുകളായി പാഠഭാഗം ചർച്ച ചെയ്ത് യൂറോപ്യൻ കോളനിവാഴ്ച ലാറ്റിനമേരിക്കൻ രാജ്യങ്ങളെ ബാധിച്ചതെങ്ങനെയെന്ന് കണ്ടെത്തുന്നു. കണ്ടെത്തലുകൾ ഉൾപ്പെടുത്തി കുറിപ്പ് തയാറാക്കുന്നു.

- ലാറ്റിനമേരിക്കയുടെ തദ്ദേശീയ സംസ്കാരം തകർന്നു.
- യൂറോപ്യൻ സംസ്കാരവും ജീവിതരീതികളും കോളനികളിൽ നടപ്പിലാക്കി.
- കോളനി ജനതയോട് വംശീയ വിവേചനം വച്ചു പുലർത്തി.
- കോളനി ജനതയുടെ സമ്പത്ത് വൻതോതിൽ കവർന്നെടുത്തു.
- വാണിജ്യനിയന്ത്രണങ്ങൾ ഏർപ്പെടുത്തി.
- കോളനി ജനതയെ അടിമകളാക്കി.

**ലാറ്റിനമേരിക്കയും ഫുട്ബോളും**

ലാറ്റിനമേരിക്കൻ ജനതയുടെ ജീവവായുവാണ് ഫുട്ബോൾ. മിക്കവാറും ലാറ്റിനമേരിക്കൻ രാജ്യങ്ങളും ഫുട്ബോൾ രംഗത്ത് ശ്രദ്ധേയരാണ്. ലാറ്റിനമേരിക്കൻ രാജ്യങ്ങൾക്കായി നടത്തുന്ന ഫുട്ബോൾ ടൂർണമെന്റാണ് കോപ്പ അമേരിക്ക. പെലെ, മറഡോണ, മെസ്സി തുടങ്ങിയവർ ലാറ്റിനമേരിക്ക ലോകത്തിന് നൽകിയ ശ്രദ്ധേയരായ കളിക്കാരാണ്.

ഇത്തരത്തിൽ ജീവിതവും സംസ്കാരവും നഷ്ടപ്പെട്ട ഒരു ജനത അവ വീണ്ടെടുക്കുന്നതിനായി നടത്തിയ പോരാട്ടമാണ് ലാറ്റിൻ അമേരിക്കൻ വിപ്ലവം എന്ന ധാരണയോടെ ചർച്ച ക്രോഡീകരിക്കുന്നു. തുടർന്ന് യൂറോപ്യൻമാരിൽ നിന്ന് മോചനം നേടിയ ചില ലാറ്റിനമേരിക്കൻ രാജ്യങ്ങളെ ഭൂപടത്തിൽ നിന്ന് കണ്ടെത്തി പട്ടികപ്പെടുത്തുന്നു.

- മെക്സിക്കോ
- കൊളംബിയ
- വെനസ്വേല
- പെറു
- ബൊളീവിയ
- അർജന്റീന
- ഇക്വഡോർ
- ബ്രസീൽ
- ചിലി

## റഷ്യൻ വിപ്ലവം

മാക്സിം ഗോർക്കിയുടെ 'അമ്മ' എന്ന നോവലിലെ ഒരു ഭാഗം പാഠപുസ്തകത്തിൽ തന്നിട്ടുണ്ട്. അത് വിശകലനം ചെയ്തുകൊണ്ട് പാഠഭാഗം ആരംഭിക്കാവുന്നതാണ്. അന്നത്തെ റഷ്യൻ സമൂഹത്തെക്കുറിച്ച് അതിൽ നിന്നും ചുവടെ തന്നിട്ടുള്ളവ കണ്ടെത്താം.

- എല്ലാ ഉത്പാദനത്തിന്റെയും അടിസ്ഥാനം തൊഴിലാളികളാണ്.
- എന്നാൽ തൊഴിലാളികൾക്ക് ഒരു അവകാശങ്ങളുമില്ല.
- തൊഴിലാളികളെ ചൂഷണം ചെയ്ത് മുതലാളിമാർ ലാഭം ഉണ്ടാക്കുന്നു.

തൊഴിലാളികളുടെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു?

- സ്വകാര്യസ്വത്തുടമാ സമ്പ്രദായം അവസാനിപ്പിക്കണം.
- എല്ലാവരും അധ്വാനിക്കണം.
- എല്ലാ അധികാരവും തൊഴിലാളികൾക്കും ജനങ്ങൾക്കും നൽകണം.
- എല്ലാ ഉൽപ്പാദനോപാധികളും ജനങ്ങളുടേതാകണം.

ഇത്തരം ആവശ്യങ്ങൾ ഉന്നയിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമായിരുന്നു?

ലിയോ ടോൾസ്റ്റോയ്, ആന്റൻചെക്കോവ്, ഇവാൻ തുർഗനേവ് തുടങ്ങിയവരുടെ സാഹിത്യകൃതികൾ വായിച്ച് ചർച്ച ചെയ്യുന്നതിലൂടെ അന്നത്തെ റഷ്യൻ സമൂഹത്തെക്കുറിച്ച് വ്യക്തമായ ധാരണ നേടാൻ കഴിയും.

തുടർന്ന് വിവിധ ഗ്രൂപ്പുകളായി പാഠപുസ്തകം പരിശോധിച്ച് റഷ്യൻ വിപ്ലവത്തിന്റെ വിവിധ കാരണങ്ങൾ കണ്ടെത്തി ചർച്ച ചെയ്ത് കുറിപ്പാക്കുന്നു.

- സർ ചക്രവർത്തിമാരുടെ ഏകാധിപത്യം.
- കർഷകരും തൊഴിലാളികളും നേരിട്ട ദുരിതങ്ങൾ.
- കാർഷിക -വ്യാവസായിക രംഗങ്ങളിലെ ഉൽപാദന മുരടിപ്പ്.
- വ്യാവസായികരംഗത്തെ വിദേശ ഇടപെടൽ.
- സാഹിത്യകാരന്മാരുടെയും മാർക്സിസ്റ്റ് ആശയത്തിന്റെയും സ്വാധീനം.
- മെൻഷെവിക്കുകളും ബോൾഷെവിക്കുകളും.
- ലെനിൻ, ട്രോട്സ്കി, കെരൻസ്കി തുടങ്ങിയ നേതാക്കളുടെ സ്വാധീനം.
- റഷ്യ-ജപ്പാൻ യുദ്ധത്തിൽ റഷ്യക്കേറ്റ പരാജയം.
- ഒന്നാം ലോക യുദ്ധത്തിലേറ്റ തിരിച്ചടികൾ.

തുടങ്ങിയ ഘടകങ്ങൾക്ക് ഊന്നൽ നൽകിയാകണം ചർച്ച നടത്തേണ്ടത്. ഈ ഘടകങ്ങൾ റഷ്യയെ ഫെബ്രുവരി വിപ്ലവത്തിലേക്ക് നയിക്കാനിടയായ സാഹചര്യം ചർച്ച ചെയ്ത് കുറിപ്പിന്റെ ഭാഗമാക്കണം.

- ഫെബ്രുവരി വിപ്ലവത്തിന് ശേഷം വീണ്ടും മറ്റൊരു വിപ്ലവം കൂടി റഷ്യയിൽ നടക്കാനുള്ള സാഹചര്യം എന്തായിരുന്നു?
- ഫെബ്രുവരി വിപ്ലവത്തിന്റെ നേട്ടങ്ങളും പരിമിതികളും എന്തായിരുന്നു?

ഈ ചോദ്യങ്ങളെ തുടർന്ന് ഒക്ടോബർ വിപ്ലവത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ പാഠപുസ്തകം വിശകലനം ചെയ്ത് കണ്ടെത്തി അവതരിപ്പിക്കുന്നു.

- സർ ചക്രവർത്തിമാരുടെ ഭരണം അവസാനിപ്പിച്ചതായിരുന്നു ഫെബ്രുവരി വിപ്ലവത്തിന്റെ പ്രധാന നേട്ടം.
- റഷ്യയെ ഫെബ്രുവരി വിപ്ലവത്തിലേക്ക് നയിച്ച സാഹചര്യങ്ങൾക്കൊന്നും വിപ്ലവത്തിന് ശേഷം മാറ്റമുണ്ടായില്ല. ഇത് ജനങ്ങളെ മറ്റൊരു വിപ്ലവത്തിന് പ്രേരിപ്പിച്ചു.
- ലെനിന്റെ നേതൃത്വത്തിലുള്ള ബോൾഷെവിക്കുകളുടെ പങ്ക്.

തുടർന്ന് ബോൾഷെവിക്ക് വിപ്ലവത്തിന് ശേഷം റഷ്യയിലുണ്ടായ മാറ്റങ്ങൾ വിലയിരുത്തി ഫെബ്രുവരി വിപ്ലവും ഒക്ടോബർ വിപ്ലവവും തമ്മിൽ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുന്നു.

| ഫെബ്രുവരി വിപ്ലവം | ഒക്ടോബർ വിപ്ലവം |
|---|---|
| • മെൻഷെവിക്കുകൾ നേതൃത്വം നൽകി | • ബോൾഷെവിക്കുകൾ നേതൃത്വം നൽകി |
| • ഒന്നാംലോകയുദ്ധത്തിൽ നിന്നു പിന്മാറിയില്ല | • ഒന്നാംലോക യുദ്ധത്തിൽ നിന്ന് പിന്മാറി |
| • സർചക്രവർത്തിയുടെ ഭരണം അവസാനിപ്പിച്ചു | • മെൻഷെവിക്കുകളുടെ ഭരണം അവസാനിപ്പിച്ചു. |
| • പ്രഭുക്കന്മാർ ഭൂവുടമകളായി തുടർന്നു | • കർഷകർക്ക് ഭൂമി വിതരണം ചെയ്തു. |
| • പൊതു ഉടമസ്ഥതയ്ക്ക് പ്രാധാന്യം നൽകിയില്ല. | • ഫാക്ടറികൾ, ബാങ്കുകൾ, ഗതാഗതം, എന്നിവ പൊതു ഉടമസ്ഥതയിലാക്കി. |

താരതമ്യ പട്ടിക വിശകലനം ചെയ്ത് റഷ്യയിൽ ഒരു തൊഴിലാളി വർഗഭരണം സ്ഥാപിക്കുന്നതിൽ ഒക്ടോബർ വിപ്ലവം വഹിച്ച പങ്ക് ചർച്ച ചെയ്യാവുന്നതാണ്.

## ചൈനീസ് വിപ്ലവം

കറുപ്പ് വ്യാപാരത്തെയും തുറന്ന വാതിൽ നയത്തെയും സംബന്ധിച്ച കുറിപ്പുകൾ വിശകലനം ചെയ്ത് കൊണ്ട് പാഠഭാഗം ആരംഭിക്കാവുന്നതാണ്.

- കൊളോണിയൽ ശക്തികൾ ചൈനയിൽ നടപ്പിലാക്കിയ കറുപ്പ് വ്യാപാരവും തുറന്ന വാതിൽ നയവും മറ്റ് രാജ്യങ്ങളിൽ സ്വീകരിച്ച നയങ്ങളിൽ നിന്നും എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു.

ഈ ചോദ്യത്തിനുള്ള ഉത്തരം പാഠഭാഗം പരിശോധിച്ച് കണ്ടെത്തുന്നു.




തുടർന്ന് ചൈനയിൽ വിദേശാധിപത്യത്തിനെതിരായി നടന്ന ബോക്സർ കലാപം സൺയാത്സെന്നിന്റെ നേതൃത്വത്തിൽ നടന്ന വിപ്ലവം എന്നിവ പാഠപുസ്തകത്തിന്റെ സഹായത്താൽ ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് കുറിപ്പാക്കുന്നു. സൺയാത് സെൻ ചൈനയിൽ സ്വീകരിച്ച പരിഷ്കാരങ്ങളുടെ സവിശേഷതകൾ പട്ടികപ്പെടുത്തുന്നു.

- ദേശീയത
- വിദേശാധിപത്യത്തോടുള്ള എതിർപ്പ്
- രാജവാഴ്ചയോടുള്ള എതിർപ്പ്
- ജനാധിപത്യം
- സോഷ്യലിസം.
- കൃഷിയുടെയും വ്യവസായത്തിന്റെയും പുരോഗതി
- കമ്മ്യൂണിസത്തോടുള്ള സഹകരണം.

കമ്മ്യൂണിസത്തോട് സഹകരിച്ച് നീങ്ങിയ കുമിന്താങ് ഭരണത്തിനെതിരായി കമ്മ്യൂണിസ്റ്റുകാർ വിപ്ലവം നടത്താനിടയായ സാഹചര്യം എന്തായിരുന്നു?

ഈ ചോദ്യത്തെത്തുടർന്ന് ചിയാങ് കൈഷക്കിന്റെ നേതൃത്വത്തിലുള്ള കുമിന്താങ് ഭരണത്തിനെതിരായി മാവോയുടെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റുകാർ വിപ്ലവം നടത്താനുള്ള സാഹചര്യം ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് അവതരിപ്പിക്കുന്നു.

- വിദേശശക്തിക്കനുകൂലമായ നിലപാട്
- കമ്മ്യൂണിസത്തോടുള്ള എതിർപ്പ്
- സൈനിക ഏകാധിപത്യം

തുടങ്ങിയ ഘടകങ്ങളാണ് മാവോയുടെ നേതൃത്വത്തിലുള്ള വിപ്ലവത്തിന് വഴിയൊരുക്കിയത് എന്ന ധാരണ ചർച്ചയിലൂടെ കുട്ടികളിൽ രൂപപ്പെടണം.

വിദേശാധിപത്യത്തിൽ നിന്നുള്ള ചൈനയുടെ മോചനവും ചൈന റിപ്പബ്ലിക്കായതും ഒരു സെമിനാറായും നടത്താവുന്നതാണ്.

- വിദേശശക്തികൾ ചൈനയിൽ സ്വീകരിച്ച നയങ്ങളുടെ പ്രത്യേകതകൾ.
- ബോക്സർ കലാപം, സൺയാത് സെന്നിന്റെ നേതൃത്വത്തിലുള്ള കലാപം, സൺയാത് സെൻ നടപ്പാക്കിയ പരിഷ്കാരങ്ങൾ.
- മാവോയുടെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് വിപ്ലവം.

ഈ മൂന്ന് മേഖലകളെ സംബന്ധിച്ച വിവരങ്ങൾ മൂന്ന് ഗ്രൂപ്പുകൾ ശേഖരിച്ച് ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് അവതരിപ്പിക്കുന്നതിലൂടെ സെമിനാർ പ്രവർത്തനം നടത്താവുന്നതാണ്.

തുടർന്ന് പാഠഭാഗത്ത് ചർച്ച ചെയ്ത വിവിധ വിപ്ലവങ്ങളെ സംബന്ധിച്ച താരതമ്യ പട്ടിക ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് പൂർത്തിയാക്കി ചുവടെ തന്നിട്ടുള്ളത് പോലെ അവതരിപ്പിക്കുന്നു.

| വിപ്ലവങ്ങൾ | അമേരിക്കൻ സ്വാതന്ത്ര്യസമരം | ഫ്രഞ്ച് വിപ്ലവം | ലാറ്റിനമേരിൻ വിപ്ലവം | റഷ്യൻ വിപ്ലവം | ചൈനീസ് വിപ്ലവം |
|---|---|---|---|---|---|
| കാലഘട്ടം | 1775–1783 | 1789 | 1800–1825 | 1917 | 1911,1949 |
| നേതാക്കൾ | ജോർജ് വാഷിംഗ്ടൺ, തോമസ് ജെഫേഴ്സൺ, ബെഞ്ചമിൻ ഫ്രാങ്ക്ളിൻ, ജോൺ ആഡംസ് | | ഫ്രാൻസിസ് കോമിരാൻഡ, സൈമൺ ബൊളിവർ, ജോസെ ഡിസാൻ മാർട്ടിൻ | ലെനിൻ, ട്രോട്സ്കി, കരൻസ്കി | സൺയാത് സെൻ, മാവോ സെ തുംഗ് |
| പ്രധാന ലക്ഷ്യങ്ങൾ | ജനാധിപത്യം, സ്വാതന്ത്ര്യം, അമേരിക്കൻ കോളനികളുടെ മോചനം | സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം രാജവാഴ്ച, ഭൂപ്രഭുത്വം, പുരോഹിതമേധാവിത്വം എന്നിവയോടുള്ള എതിർപ്പ്, മധ്യവർഗത്തിന്റെ ഉയർച്ച | ലാറ്റിനമേരിക്കയുടെ മോചനം, തദ്ദേശീയ സംസ്കാരത്തിന്റെ സംരക്ഷണം | രാജവാഴ്ചയുടെ അന്ത്യം, തൊഴിലാളി വർഗ സർവ്വാധിപത്യം | രാജാവാഴ്ചയിൽ നിന്നുള്ള മോചനം, വിദേശാധിപത്യത്തോടുള്ള എതിർപ്പ് |
| സ്വാധീനിച്ച ആശയങ്ങൾ തത്വങ്ങൾ | ജോൺ ലോക്ക്, തോമസ് പെയിൻ, സ്വാതന്ത്ര്യം | വോൾട്ടയർ, റൂസ്സോ, മൊണ്ടസ്ക്യൂ, മധ്യവർഗത്തിന്റെ മോചനം, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം | അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റെയും ഫ്രഞ്ച് വിപ്ലവത്തിന്റെയും ആശയങ്ങൾ | സോഷ്യലിസം, കമ്മ്യൂണിസം, കാൾമാർക്സ്, ഫ്രെഡറിക് ഏംഗൽസ്, മാക്സിം ഗോർക്കി, ടോൾസ്റ്റോയി, തുർഗനേവ്, ആന്റൻ ചെക്കോവ് | സോഷ്യലിസം കമ്മ്യൂണിസം |
| പ്രധാന ഫലങ്ങൾ | അമേരിക്കൻ കോളനികളുടെ മോചനം. അമേരിക്കൻ ഐക്യ നാടുകളുടെ രൂപീകരണം, അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനം | രാജഭരണത്തിന്റെയും ഫ്യൂഡലിസത്തിന്റെയും തകർച്ച, മധ്യവർഗത്തിന്റെ ഉയർച്ച, മനുഷ്യാവകാശ പ്രഖ്യാപനം | ലാറ്റിനമേരിക്കയുടെ മോചനം | തൊഴിലാളി വർഗത്തിന്റെ മുന്നേറ്റം, കമ്മ്യൂണിസത്തിന്റെ വ്യാപനം, സോവിയറ്റ് യൂണിയന്റെ രൂപീകരണം | കമ്മ്യൂണിസത്തിന്റെ വ്യാപനം, ജനകീയ ചൈന റിപ്പബ്ലിക്കിന്റെ രൂപീകരണം, രാജവാഴ്ചയുടെയും വിദേശാധിപത്യത്തിന്റെയും തകർച്ച |

## ? വിലയിരുത്തൽ ചോദ്യങ്ങൾ

- സ്വാതന്ത്ര്യത്തിനായി ലോകജനത നടത്തിയ പോരാട്ടങ്ങളിൽ അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിനുള്ള പ്രാധാന്യം വിലയിരുത്തുക.
- ഫ്രഞ്ച് വിപ്ലവത്തിന്റെ പശ്ചാത്തലം വിശദമാക്കുക.
- പിൽക്കാല സമൂഹത്തിന് ഫ്രഞ്ച് വിപ്ലവം നൽകിയ സംഭാവനകൾ എന്തെല്ലാം?
- ചുവടെ തന്നിട്ടുള്ള പട്ടിക പൂർത്തിയാക്കുക.

| എ | ബി |
|---|---|
| • നെപ്പോളിയൻ | • ബോൾഷെവിക്ക് |
| • സൺയാത് സെൻ | • കോമൺസെൻസ് |
| • ലെനിൻ | • വാട്ടർലൂ |
| • തോമസ് പെയിൻ | • കുമിന്താങ് |

- ലാറ്റിനമേരിക്കൻ വിപ്ലവത്തിന്റെ പശ്ചാത്തലത്തെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.
- റഷ്യൻ വിപ്ലവത്തിന്റെ സ്വാധീനത്തെ ഫ്രഞ്ച് വിപ്ലവത്തിന്റെ സ്വാധീനവുമായി താരതമ്യം ചെയ്യുക.
- കമ്മ്യൂണിസ്റ്റ് ആശയങ്ങൾ ചൈനീസ് ജനതയുടെ മോചനത്തിന് കാരണമായോ? വിലയിരുത്തുക.

## റഫറൻസ്


*Age of Revolution - Eric Hobswam*

*A History of Modern Time from 1789 - C.D. M. Ketelbey*

*The story of civilization - Arjundev*

*Contemporary World History - Arjundev*

*Peoples of the Sun - C. A Burland*

ആധുനികയുഗത്തിലെ വിപ്ലവങ്ങൾ – കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ലോകചരിത്രം (രണ്ടാംഭാഗം) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

## ടീച്ചറുടെ വിലയിരുത്തൽ

| | പൂർണ്ണമായി | ഭാഗികമായി | മെച്ചപ്പെടുത്തേണ്ടത് |
|---|---|---|---|
| 1. വിപ്ലവം എന്നാൽ എന്താണെന്നും അതിന്റെ സ്വഭാവ സവിശേഷതകൾ എന്താണെന്നും തിരിച്ചറിയാൻ കഴിഞ്ഞു എന്ന് ഉറപ്പാക്കി. | ☐ | ☐ | ☐ |
| 2. ലോകത്തിലെ വിവിധ വിപ്ലവങ്ങളുടെ പശ്ചാത്തലവും സ്വാധീനവും വിശകലനം ചെയ്യാൻ കഴിഞ്ഞു എന്ന് ഉറപ്പാക്കി. | ☐ | ☐ | ☐ |
| 3. ലോകത്തിലെ വിവിധ വിപ്ലവങ്ങളുടെ താരതമ്യം ചെയ്യാൻ കഴിയും എന്ന് ഉറപ്പാക്കി. | ☐ | ☐ | ☐ |
| 4. സ്വാതന്ത്ര്യം, ജനാധിപത്യം, സമത്വം തുടങ്ങിയ ആശയങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ബോധ്യപ്പെട്ടു എന്ന് ഉറപ്പാക്കി. | ☐ | ☐ | ☐ |
| 5. പഠനപ്രവർത്തനങ്ങളിൽ എല്ലാപേരുടെയും പങ്കാളിത്തം ഉറപ്പാക്കി. | ☐ | ☐ | ☐ |
| 6. നോട്ടുബുക്കും പോർട്ട്ഫോളിയോയും വിലയിരുത്തി. | ☐ | ☐ | ☐ |